II ഇ.ബി. XIII- കേരള നിയമസഭ/X-5

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

ചോദ്യോത്തരങ്ങൾ – സംഗ്രഹം

2014 ജനുവരി 21, ചൊവ്വ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

14 (*121 & *130) **കന്നുകാലി സംരക്ഷണം**

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) നൽകിയ മറുപടിയിൽ, കന്നുകാലികളെ സംരക്ഷിക്കുന്നതിനായി സൗജന്യ ചികിത്സ, മരുന്നുകൾ, പ്രതിരോധ കുത്തിവയ്പുകൾ, വീട്ടുപടിക്കൽ ചികിത്സ ലഭ്യമാക്കൽ, 13 ജില്ലകളിൽ ആംബുലൻസ് സർവ്വീസ്, സൗജന്യ നിരക്കിൽ കാലിത്തീറ്റ, സബ്സിഡിയോടെ ഇൻഷ്വറൻസ് പരിരക്ഷ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കന്നുകാലികളിൽ കുളമ്പുരോഗം വ്യാപകമായതിനെത്തുടർന്ന് എസ്.ആർ.ഡി.ഡി.എൽ. (ബാംഗ്ലൂർ), പി.ഡി.എഫ്.എം.ഡി. (മുക്തേശ്വർ) എന്നിവിടങ്ങളിലെ വിദഗ്ദ്ധ സംഘം സാമ്പിളുകൾ പരിശോധിച്ച് 'ഒ' വിഭാഗത്തിൽപ്പെട്ട വൈറസാണ് കുളമ്പു രോഗത്തിന് കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടെന്നും ഇതുസംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള വെറ്ററിനറി & അനിമൽ സയൻസ്

യൂണിവേഴ്സിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. രോഗനിയന്ത്രണ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും രോഗം ബാധിച്ച ഉരുക്കൾക്ക് റിങ്ങ് വാക്സിനേഷൻ നടത്തുകയും സൗജന്യ ചികിത്സ, മരുന്നുകൾ, പരിസര ശുചീകരണത്തിനാവശ്യമായ അണുനാശിനികൾ എന്നിവ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇൻഡ്യൻ ഇമ്മ്യൂണോളജിക്കൽസ് ലിമിറ്റഡിൽ നിന്നും കേന്ദ്രസർക്കാർ ലഭ്യമാക്കുന്ന വാക്സിനുപയോഗിച്ച് ആറ് മാസത്തിലൊരിക്കൽ മിൽമ/തദ്ദേശസ്വയം ഭരണം/ക്ഷീരവികസനം/വനം എന്നീ വകുപ്പുകളുടെ സഹകരണത്തോടുകൂടി കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ് നടത്തുന്നുണ്ടെന്നും ഇതിന്റെ നടത്തിപ്പിനായി പഞ്ചായത്തുതല മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. വാക്സിന്റെ ശീതീകരണം ഉറപ്പാക്കുന്നതിന് തെർമോ ഇൻഡിക്കേറ്റർ സംവിധാനം ഏർപ്പെടുത്തുന്നതാണെന്നും ഗുണനിലവാരം ഉറപ്പാക്കുന്നതിനായി 30 മി.ലി. അളവിലുള്ള കുപ്പികളിൽ വാക്സിൻ ലഭ്യമാക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഇത് കൈകാര്യം ചെയ്യുന്നതിലുള്ള അപാകതകൾ പരിഹരിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന കന്നുകാലികളെ പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് അതിർത്തി പ്രദേശങ്ങളിൽ മൃഗഡോക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ ചെക്ക്പോസ്റ്റുകളിലും പ്രാഥമിക രക്ത പരിശോധനയ്ക്കുള്ള സംവിധാനങ്ങൾ നിലവിലുണ്ടെന്നും കുളമ്പുരോഗ വാക്സിൻ ശീതീകരിക്കാനാവശ്യമായ റെഫ്രിജറേറ്ററുകൾ ലഭ്യമാക്കിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കുളമ്പുരോഗം ബാധിച്ച് മരണപ്പെട്ട ഉരുക്കളുടെ ഉടമകൾക്ക് മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, മിൽമ എന്നിവ യഥാക്രമം

20,000/–, 10,000/–, 10,000/– രൂപ വീതം നഷ്ടപരിഹാരവും രോഗം ബാധിച്ചവയ്ക്ക് സൗജന്യമായി 200 കി.ഗ്രാം വീതമുള്ള 4 ചാക്ക് കാലിത്തീറ്റയും നൽകുന്നുണ്ടെന്നും ഇതുസംബന്ധിച്ച് പരാതികളുണ്ടെങ്കിൽ പരിഹരിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. കുളമ്പുരോഗം ബാധിച്ച പശുക്കളുടെ പാലും മാംസവും ഭക്ഷ്യയോഗ്യമാണെന്നും കന്നുകാലികളുടെ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പച്ചപ്പുൽ അടക്കമുള്ള കാലിത്തീറ്റ വിതരണം ചെയ്യുന്നുണ്ടെന്നും കേരളത്തിന്റെ തനത് വർഗ്ഗ ത്തിൽപ്പെട്ട കന്നുകാലികളെ വളർത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനാ വശ്യമായ സഹായം നൽകുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

15 (*122) <u>സെക്യൂരിറ്റി ഹോളോഗ്രാം ലേബൽ നിർമ്മാണം</u>

ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) നൽകിയ മറുപടിയിൽ, ഹോളോഗ്രാം ലേബൽ പ്രിന്റിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ച് സി–ഡിറ്റാണ് എക്സൈസിന്റെ സെക്യൂരിറ്റി ഹോളോഗ്രാം ലേബൽ നിർമ്മിക്കുന്നതെന്ന് സഭയെ അറിയിച്ചു. ഹോളോഗ്രാം പരിഷ്കരിക്കുന്നതിനും വ്യാജ ലേബൽ നിർമ്മാണം തടയുന്നതിനുമായി ഇലക്ട്രോണിക് ട്രാക്ക് ആന്റ് ട്രെയ്സ് സംവിധാനത്തോടുകൂടിയ ലേബൽ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. ബന്ധ പ്പെട്ട മന്ത്രിമാരുടെ യോഗതീരുമാനപ്രകാരം കുറ്റമറ്റ രീതിയിൽ ലേബൽ നിർമ്മിക്കുന്നതിനുള്ള നൂതന സാങ്കേതികവിദ്യകളെപ്പറ്റി വിലയിരുത്തുന്നതി നുവേണ്ടി രാജ്യവ്യാപകമായി താല്പര്യപത്രം ക്ഷണിക്കുകയും അവ പരിശോധിച്ച് ഹോളോഗ്രാമിന് അന്തിമ രൂപം നൽകാനായി ഒരു എട്ടംഗ

കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഇന്റാഗ്ലിയോ പ്രിന്റിംഗ് മെഷീൻ സി-ഡിറ്റിൽ സ്ഥാപിച്ചിട്ടുണ്ടെന്നും ഹോളോഗ്രാം നിർമ്മാണ ത്തിൽനിന്ന് സി-ഡിറ്റിനെ ഒഴിവാക്കാൻ തീരുമാനിച്ചിട്ടില്ലെന്നും ഉപചോദ്യ ങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

16 (*123) പാലിന്റെ ആവശ്യവും ലഭ്യതയും

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് പാൽക്ഷാമം അനുഭവപ്പെടുന്നില്ലെന്നും ആവശ്യമുള്ളതിന്റെ 90 ശതമാനത്തിലധികം പാൽ ഇവിടെത്തന്നെ ഉല്പാദിപ്പിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. പാലിന്റെ പ്രതിദിന ആവശ്യകത 85 ലക്ഷം ലിറ്റർ ആണ്. പ്രതിദിനമുണ്ടാകുന്ന കുറവ് പരിഹരിച്ച് പാലിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിന് മിൽമ അയൽ സംസ്ഥാനങ്ങളിൽനിന്നും പാൽ കൊണ്ടുവരുന്നുണ്ടെന്നും ഗുണനിലവാര പരിശോധന കർശനമാക്കിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പാലുല്പാ ദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനായി ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. മിൽമയുടെ പാൽ സംഭര ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടെന്നും ചാവക്കാട് മേഖലയിൽ നിന്നും പാൽ സംഭരിക്കുന്നതിന് നിർദ്ദേശം നൽകുന്നതാണെന്നും ക്ഷീരകർഷകർക്ക് ന്യായവില ലഭ്യമാക്കുന്നതിനായി നിഷ്കർഷിച്ചിട്ടുള്ള ചാർട്ട് പരിഷ്ക്കരിക്കു ന്നത് സംബന്ധിച്ച് പരിശോധിക്കാവുന്നതാണെന്നും മന്ത്രി അറിയിച്ചു. കുളമ്പുരോഗംമൂലം ക്ഷീരോല്പാദനത്തിൽ തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ നേരിയ കുറവുണ്ടായിട്ടുണ്ടെങ്കിലും ഡയറികളിൽ ലഭിക്കുന്ന പാലിന്റെ അളവിൽ കാര്യമായ കുറവ് വന്നിട്ടില്ല. കുളമ്പുരോഗംമൂലം മരണപ്പെട്ട

കന്നുകാലികളുടെ ഉടമകൾക്ക് ക്ഷീരവികസന വകുപ്പ് ഇതുവരെ 4.69 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ടെന്നും ഇതിനായി പ്രത്യേക ബഡ്ജറ്റ് പ്രൊവിഷനില്ലാത്തതുകൊണ്ട് വകമാറ്റി ചെലവഴിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അപേക്ഷിക്കുന്നവർക്കെല്ലാം നഷ്ടപരിഹാരം നൽകുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. ഇതിലേയ്ക്കായി മൃഗസംരക്ഷണ വകുപ്പ് 22,363,000/- രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ടെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1465 മുതൽ 1862 വരെയുള്ള ചോദ്യങ്ങളിൽ 66 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)